# STD - VIII

## അദ്ധ്യാപക സഹായി

## പാഠം – ഏഴ്  കേരള ലത്തീൻസഭ (ഒന്നാം ഭാഗം)  ഭാഗം – ഒന്ന്

### ലക്ഷ്യം

പരിശുദ്ധ പാപ്പ നയിക്കുന്ന റോമൻസഭയുടെ ഭാഗമാണ് കേരളത്തിലെ ലത്തീൻസഭ. കേരളത്തിലെ ലത്തീൻസഭയുടെ വളർച്ച മിഷണറിമാരുടെ പ്രവർത്തനത്തിന്റെ ഫലമാണ്. സാമൂഹികവും, സാംസ്കാരികവുമായ വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ട എല്ലാ ക്രൈസ്തവരെയും ഇണക്കിച്ചേർത്ത് കൂട്ടായ്മയിൽ നിലനിർത്തുന്നതാണ് 12 രൂപതകളിലുമായുള്ള കേരള ലത്തീൻസഭ. ആ സഭയിലെ അംഗമാണ് ഞാനെന്ന ബോധ്യം എനിക്ക് അഭിമാനമാണ്.

### പഠനസഹായികൾ

* മഹിതപൈതൃകം – കെഎൽസിഎച്ച്എ (KLCHA) പ്രസിദ്ധീകരണം
* കണ്ണൂർ ആഞ്ചലോസ് കോട്ട – ചിത്രം
* യൂറോപ്യൻ ശൈലിയിലെ പള്ളികളുടെ ചിത്രങ്ങൾ.

### പാഠത്തിന്റെ ഉള്ളടക്കം

* കേരള ലത്തീൻസഭയുടെ വളർച്ചയിൽ മിഷണറിമാരുടെ സംഭാവനകൾ
* കേരളത്തിലെ 12 ലത്തീൻ രൂപതകൾ
* ഫ്രാൻസിസ്കൻ മിഷണറിമാരുടെ കണ്ണൂരിലെ പ്രവർത്തനങ്ങൾ
* ഈശോസഭ വൈദികരുടെ സേവനങ്ങൾ

### പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, ലത്തീൻ കത്തോലിക്കനായ ഞാൻ, എന്റെ ജീവിതത്തിൽ ആരായിത്തീർന്നാലും അങ്ങേക്കു സാക്ഷ്യം വഹിക്കുന്നു എന്നതാണ് പ്രധാന കർത്തവ്യം എന്ന ബോധ്യം ഞങ്ങൾക്ക് നൽകണമേ.

### ചോദ്യങ്ങൾ

1. കേരളത്തിലെ ലത്തീൻ സഭയുടെ വളർച്ചയിൽ മിഷണറിമാർ വഹിച്ച പങ്ക് – കുറിപ്പെഴുതുക.
2. കേരളത്തിലെ 12 ലത്തീൻ രൂപതകൾ ഏതൊക്കെയാണ്?

3. പോർച്ചുഗീസുകാർ കണ്ണൂരിൽ നിർമ്മിച്ച കോട്ട ഏതാണ്?
4. കേരളത്തിൽ ഈശോസഭയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചത് ആരിലൂടെയാണ്?
5. കോഴിക്കോട് മിഷൻ സ്ഥാപിച്ചത് ആരാണ്?

# STD - VIII

## അദ്ധ്യാപക സഹായി

## പാഠം - ഏഴ് കേരള ലത്തീൻസഭ (ഒന്നാം ഭാഗം) ഭാഗം - രണ്ട്

### ലക്ഷ്യം

എന്റെ സഭയുടെ പൈതൃകവും ചരിത്രപരമായ ദൗത്യങ്ങളും സംഭാവനകളും മനസ്സിലാക്കുന്നതിനും പഠിപ്പിക്കുന്നതിനും ഞാൻ സമയം കണ്ടെത്തും.

### പഠനസഹായികൾ

* കൊച്ചി ബിഷപ്പ് ഹൗസ് - സാന്താക്രൂസ് ബസിലിക്ക - ചിത്രങ്ങൾ
* വി. ഫ്രാൻസിസ് സേവ്യറിന്റെ ജീവിതം - ചിത്രം, വീഡിയോ
* വചനം - മത്താ. 28:19

### പാഠത്തിന്റെ ഉള്ളടക്കം

* കൊച്ചി രൂപതയുടെ സ്ഥാപനം
* ഡോം ജോർജ് തെമുഡോ മെത്രാൻ - കൊച്ചിയുടെ ആദ്യ മെത്രാൻ
* വി. ഫ്രാൻസിസ് സേവ്യറിന്റെ പ്രവർത്തനങ്ങൾ
* കൊച്ചി രൂപത വിഭജിച്ച് മൈലാപ്പൂർ ജന്മം കൊണ്ടു.

### പ്രാർത്ഥന

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്നും ധീരതയോടെ സുവിശേഷ പ്രവർത്തനങ്ങൾ നടത്തുന്ന മിഷണറിമാരെ അനുഗ്രഹിക്കണമേ.

### ചോദ്യങ്ങൾ

1. കൊച്ചി രൂപതയുടെ സ്ഥാപനം ലത്തീൻസഭയുടെ ചരിത്രത്തിലെ നാഴികക്കല്ലായി മാറി - കുറിപ്പെഴുതുക
2. കൊച്ചി രൂപതയുടെ ആദ്യ മെത്രാൻ ആരാണ്?
3. കൊച്ചി രൂപത വിഭജിച്ച് രൂപീകരിച്ച രൂപത ഏതാണ്?
4. വി. ഫ്രാൻസിസ് സേവ്യറിന്റെ മിഷൻ പ്രവർത്തനങ്ങൾ എന്തെല്ലാം?
5. പദ്രോവാദൊ രൂപത എന്നാൽ എന്താണ്?